# PM delivers ‘State of the World’ special address at the World Economic Forum’s Davos Agenda

January 18, 2022

ലോക സാമ്പത്തിക ഫോറത്തിന്റെ ദാവോസ് അജണ്ടയില്‍ 'ലോകത്തിന്റെ സ്ഥിതി'യെക്കുറിച്ചു പ്രത്യേക അഭിസംബോധന നടത്തി പ്രധാനമന്ത്രി

''കൊറോണക്കാലത്ത്, 'ഒരു ഭൂമി, ഒരേ ആരോഗ്യം' എന്ന കാഴ്ചപ്പാടു പിന്തുടര്‍ന്ന് അവശ്യമരുന്നുകളും പ്രതിരോധമരുന്നുകളും വിതരണം ചെയ്ത് ഇന്ത്യ നിരവധി ജീവനുകള്‍ സംരക്ഷിച്ചു''

''ആഗോള വിതരണശൃംഖലയില്‍ ലോകത്തിന്റെ വിശ്വസ്ത പങ്കാളിയാകാന്‍ ഇന്ത്യ പ്രതിജ്ഞാബദ്ധം''

''ഇതാണ് ഇന്ത്യയില്‍ നിക്ഷേപം നടത്താനുള്ള ഏറ്റവും നല്ല സമയം''

''സ്വയംപര്യാപ്തതയിലേക്കുള്ള പാത സുഗമമാക്കുന്നതില്‍ ശ്രദ്ധ കേന്ദ്രീകരിക്കുക മാത്രമല്ല, നിക്ഷേപത്തിനും ഉല്‍പ്പാദനത്തിനും ഇന്ത്യ പ്രോത്സാഹനമേകുകയും ചെയ്യുന്നു''

''അടുത്ത 25 വര്‍ഷത്തെ ലക്ഷ്യങ്ങള്‍ മനസ്സില്‍കണ്ടാണ് ഇന്ത്യ നയങ്ങള്‍ക്കു രൂപംനല്‍കുന്നത്. ഈ കാലയളവില്‍, ഉയര്‍ന്ന വളര്‍ച്ചയും ക്ഷേമകാര്യങ്ങളുടെ പൂര്‍ത്തീകരണവുമാണ് രാജ്യം ലക്ഷ്യമിട്ടത്. വളര്‍ച്ചയുടെ ഈ കാലഘട്ടം ഹരിതവും വൃത്തിയുള്ളതും സുസ്ഥിരവും വിശ്വാസയോഗ്യവുമായിരിക്കും''

''കാലാവസ്ഥാ വെല്ലുവിളി രൂക്ഷമാക്കിയത് 'വലിച്ചെറിയൂ' സംസ്കാരവും ഉപഭോഗവുമാണ്. ഇന്നത്തെ 'എടുക്കൂ-ഉപയോഗിക്കൂ-കളയൂ' സമ്പദ്വ്യവസ്ഥയില്‍ നിന്ന് വര്‍ത്തുളസമ്പദ്വ്യവസ്ഥയിലേക്ക് അതിവേഗം മാറേണ്ടത് അത്യന്താപേക്ഷിതമാണ്''

''ലൈഫിനെ ബഹുജന പ്രസ്ഥാനമാക്കി മാറ്റുന്നത് 'പി 3'-ന് (പ്രോ പ്ലാനറ്റ് പീപ്പിള്‍) ശക്തമായ അടിത്തറയാകും''

''ഓരോ ജനാധിപത്യ രാഷ്ട്രവും ബഹുതലസംഘടനകളെ നവീകരണത്തിനായി പ്രേരിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിലൂടെ അവര്‍ക്കു വര്‍ത്തമാനത്തിന്റെയും ഭാവിയുടെയും വെല്ലുവിളികള്‍ കൈകാര്യം ചെയ്യുന്ന ദൗത്യം ഏറ്റെടുക്കാനാകും''

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ലോക സാമ്പത്തിക ഫോറത്തിന്റെ ദാവോസ് അജണ്ടയില്‍ 'ലോകത്തിന്റെ സ്ഥിതി' എന്ന വിഷയത്തില്‍ പ്രത്യേക അഭിസംബോധന നടത്തി. വീഡിയോകോണ്‍ഫറന്‍സിലൂടെയായിരുന്നു പ്രസംഗം. ജാഗ്രതയോടെയും ആത്മവിശ്വാസത്തോടെയുമാണു മഹാമാരിയുടെ അടുത്ത തരംഗത്തെ ഇന്ത്യ നേരിടുന്നതെന്നും പ്രതീക്ഷാവഹമായ നിരവധി ഫലങ്ങളോടെ സാമ്പത്തിക മേഖലയില്‍ മുന്നേറുകയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. ജനാധിപത്യത്തിലുള്ള ഇന്ത്യക്കാരുടെ അചഞ്ചലമായ വിശ്വാസം, 21-ാം നൂറ്റാണ്ടിനെ ശാക്തീകരിക്കുന്ന സാങ്കേതികവിദ്യ, ഇന്ത്യക്കാരുടെ കഴിവും സ്വഭാവവിശേഷങ്ങളും എന്നിവയുള്‍പ്പെടുന്ന ശക്തമായ ജനാധിപത്യരാജ്യമെന്ന നിലയില്‍, മനുഷ്യരാശിക്കു പ്രതീക്ഷയുടെ പൂച്ചെണ്ടു സമ്മാനിക്കുകയാണ് ഇന്ത്യയെന്ന് അദ്ദേഹം പറഞ്ഞു. കൊറോണക്കാലത്ത്, 'ഒരു ഭൂമി, ഒരേ ആരോഗ്യം' എന്ന കാഴ്ചപ്പാടു പിന്തുടര്‍ന്ന് അവശ്യമരുന്നുകളും പ്രതിരോധമരുന്നുകളും

കയറ്റുമതി ചെയ്ത് ഇന്ത്യ നിരവധി ജീവനുകൾ സംരക്ഷിച്ചുവെന്നു പ്രധാനമന്ത്രി പറഞ്ഞു. ലോകത്തെ മൂന്നാമത്തെ വലിയ ഔഷധനിർമ്മാതാക്കളായ ഇന്ത്യ 'ലോകത്തിന്റെ ഔഷധശാല'യായി കണക്കാക്കപ്പെടുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യ ഇന്ന് വളരെ വലിയ തോതിലാണ് സോഫ്റ്റ്‌വെയർ എൻജിനിയർമാരെ പ്രദാനം ചെയ്യുന്നതെന്നു പ്രധാനമന്ത്രി പറഞ്ഞു. 50 ലക്ഷത്തിലധികം സോഫ്റ്റ്‌വെയർ ഡെവലപ്പർമാർ ഇന്ത്യയിൽ ജോലി ചെയ്യുന്നു. ഇന്ന് യുണികോണുകളുടെ എണ്ണത്തിൽ ഇന്ത്യയ്ക്ക് മൂന്നാം സ്ഥാനമുണ്ടെന്ന് അദ്ദേഹം അറിയിച്ചു. കഴിഞ്ഞ ആറ് മാസത്തിനിടെ പതിനായിരത്തിലധികം സ്റ്റാർട്ടപ്പുകൾ രജിസ്റ്റർ ചെയ്തു. ഇന്ത്യയുടെ ബൃഹത്തും സുരക്ഷിതവും വിജയകരവുമായ ഡിജിറ്റൽ പണമിടപാടു സംവിധാനത്തെക്കുറിച്ചും അദ്ദേഹം സംസാരിച്ചു. ഏകീകൃത പണമിടപാടു സംവിധാനംവഴി (യുപിഐ) കഴിഞ്ഞ മാസംമാത്രം 4.4 ബില്യണിലധികം ഇടപാടുകൾ നടന്നതായി അദ്ദേഹം പറഞ്ഞു. വ്യവസായം സുഗമമാക്കൽ പ്രക്രിയ പ്രോത്സാഹിപ്പിക്കുന്നതിനും ഗവൺമെന്റ് ഇടപെടൽ കുറയ്ക്കുന്നതിനുമുള്ള നടപടികളെക്കുറിച്ചു പ്രധാനമന്ത്രി സംസാരിച്ചു. കോർപ്പറേറ്റ് നികുതി നിരക്കുകൾ ലഘൂകരിച്ച് അവയെ ലോകത്തുതന്നെ ഏറ്റവുമധികം മത്സരാധിഷ്ഠിതമാക്കുന്നതിനെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. ഡ്രോൺ, ബഹിരാകാശം, ജിയോ-സ്പേഷ്യൽ മാപ്പിംഗ് തുടങ്ങിയ മേഖലകളിൽ ഇന്ത്യ നിയന്ത്രണങ്ങൾ ഒഴിവാക്കി. ഐടി, ബിപിഒ മേഖലകളുമായി ബന്ധപ്പെട്ട കാലഹരണപ്പെട്ട ടെലികോം നിയന്ത്രണങ്ങളിൽ പരിഷ്കരണങ്ങൾ വരുത്തി. "കഴിഞ്ഞ വർഷം ഞങ്ങൾ 25,000ത്തിലധികം ചട്ടങ്ങൾ ഒഴിവാക്കി"- അദ്ദേഹം കൂട്ടിച്ചേർത്തു. ആഗോള വിതരണ ശൃംഖലകളിൽ ലോകത്തിന്റെ വിശ്വസ്ത പങ്കാളിയാകാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും പല രാജ്യങ്ങളുമായും സ്വതന്ത്ര വ്യാപാര കരാറുകൾക്ക് വഴിയൊരുക്കുന്നുണ്ടെന്നും, ഒരു കൂട്ടാളിയെന്ന നിലയിൽ ഇന്ത്യയോടുള്ള താൽപ്പര്യം വർദ്ധിച്ചുവരുന്ന സാഹചര്യം സൂചിപ്പിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. നവീകരണം, സാങ്കേതിക വിദ്യയോടു താദാത്മ്യം പ്രാപിക്കൽ, സംരംഭകത്വമനോഭാവം എന്നിവയിലെ ഇന്ത്യയുടെ കഴിവുകൾ ഇന്ത്യയെ അനുയോജ്യമായ ആഗോള പങ്കാളിയാക്കുന്നു. അതുകൊണ്ടുതന്നെ ഇന്ത്യയിൽ നിക്ഷേപം നടത്താനുള്ള ഏറ്റവും നല്ല സമയമാണിത്- അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ യുവാക്കൾ സംരംഭകത്വത്തിന്റെ പുതിയ ഉയരം കൈവരിക്കുന്നതിനെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു. 2014ൽ വെറും 100 സ്റ്റാർട്ടപ്പുകളുണ്ടായിരുന്ന ഇന്ത്യയിൽ ഇന്ന് അറുപതിനായിരത്തിലധികം സ്റ്റാർട്ടപ്പുകളുണ്ടെന്ന് അദ്ദേഹം പറഞ്ഞു. അതിൽ 80 എണ്ണം യൂണികോണുകളാണ്. 40ലധികം യൂണികോണുകൾ 2021ലാണു വളർന്നുവന്നത്. കൊറോണ കാലഘട്ടത്തിൽ അളവ് ലഘൂകരണം പോലുള്ള ഇടപെടലുകളിൽ ലോകം ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ, ഇന്ത്യ പരിഷ്കരണങ്ങൾ ശക്തിപ്പെടുത്തുകയായിരുന്നെന്ന്, ഇന്ത്യയുടെ ആത്മവിശ്വാസത്തോടെയുള്ള സമീപനത്തിന് അടിവരയിട്ടുകൊണ്ടു പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. ഭൗതിക-ഡിജിറ്റൽ അടിസ്ഥാനസൗകര്യങ്ങളിലുണ്ടായ മുന്നേറ്റത്തെക്കുറിച്ചും അദ്ദേഹം വിവരിച്ചു. 6 ലക്ഷം ഗ്രാമങ്ങളിലെ ഒപ്റ്റിക്കൽ ഫൈബർ, സമ്പർക്കസംവിധാനവുമായി ബന്ധപ്പെട്ട അടിസ്ഥാനസൗകര്യങ്ങളിലെ 1.3 ട്രില്യൺ ഡോളർ നിക്ഷേപം, ആസ്തി ധനസമ്പാദനത്തിലൂടെ 80 ബില്യൺ ഡോളർ സമ്പാദിക്കാനുള്ള ലക്ഷ്യം, ചരക്കുകളുടെയും ആളുകളുടെയും സേവനങ്ങളുടെയും തടസ്സമില്ലാത്ത സമ്പർക്കസംവിധാനത്തിലേക്ക് പുതിയ ചലനാത്മകത നൽകുന്നതിനായി എല്ലാ പങ്കാളികളെയും ഒരൊറ്റ വേദിയിൽ എത്തിക്കുന്നതിനുള്ള ഗതിശക്തി ആസൂത്രണപദ്ധതി തുടങ്ങിയവ അദ്ദേഹം പട്ടികപ്പെടുത്തി. സ്വയംപര്യാപ്തതയിലേക്കുള്ള പാത സുഗമമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുക മാത്രമല്ല, നിക്ഷേപത്തിനും ഉൽപ്പാദനത്തിനും ഇന്ത്യ പ്രോത്സാഹനമേകുകയും ചെയ്യുന്നുവെന്നും ശ്രീ മോദി ഫോറത്തിൽ പറഞ്ഞു. അതിനുദാഹരണമാണ് 14 മേഖലകളിലായി 26 ബില്യൺ ഡോളർ മൂല്യമുള്ള ഉൽപ്പാദനാനുസൃത ആനുകൂല്യ പദ്ധതികൾ- അദ്ദേഹം പറഞ്ഞു. അടുത്ത 25 വർഷത്തെ ലക്ഷ്യങ്ങൾ മനസ്സിൽകണ്ടാണ് ഇന്ത്യ നയങ്ങൾക്കു രൂപംനൽകുന്നത്. ഈ കാലയളവിൽ,

ഉയർന്ന വളർച്ചയും ക്ഷേമകാര്യങ്ങളുടെ പൂർത്തീകരണവുമാണ് രാജ്യം ലക്ഷ്യമിട്ടത്. വളർച്ചയുടെ ഈ കാലഘട്ടം ഹരിതവും വൃത്തിയുള്ളതും സുസ്ഥിരവും വിശ്വാസയോഗ്യവുമായിരിക്കും- പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. ഇന്നത്തെ ജീവിതശൈലിയും നയങ്ങളും പരിസ്ഥിതിക്കുണ്ടാക്കുന്ന നഷ്ടത്തെക്കുറിച്ചും പ്രധാനമന്ത്രി പറഞ്ഞു. കാലാവസ്ഥയ്ക്ക് നമ്മുടെ ജീവിതശൈലി സൃഷ്ടിക്കുന്ന വെല്ലുവിളികളിലേക്ക് അദ്ദേഹം വിരൽചൂണ്ടി. കാലാവസ്ഥാ വെല്ലുവിളി രൂക്ഷമാക്കിയത് 'വലിച്ചെറിയൂ' സംസ്കാരവും ഉപഭോഗവുമാണ്. ഇന്നത്തെ 'എടുക്കൂ-ഉപയോഗിക്കൂ-കളയൂ സമ്പദ്വ്യവസ്ഥയിൽ നിന്ന് വർത്തുളസമ്പദ്വ്യവസ്ഥയിലേക്ക് അതിവേഗം മാറേണ്ടത് അത്യന്താപേക്ഷിതമാണ്- അദ്ദേഹം ഊന്നിപ്പറഞ്ഞു. സിഒപി 26 സമ്മേളനത്തിൽ അദ്ദേഹം കൊണ്ടുവന്ന 'മിഷൻ ലൈഫി'നെ പരാമർശിച്ചുകൊണ്ട്, 'ലൈഫി'നെ ബഹുജന പ്രസ്ഥാനമാക്കി മാറ്റുന്നത് 'പി 3'-ന്റെ (പ്രോ പ്ലാനറ്റ് പീപ്പിൾ) ശക്തമായ അടിത്തറയാകുമെന്നു പ്രധാനമന്ത്രി പറഞ്ഞു. കാലാവസ്ഥാ പ്രതിസന്ധിയെയും ഭാവിയിലെ മറ്റ് പ്രവചനാതീതമായ വെല്ലുവിളികളെയും നേരിടാൻ സഹായകരമാകുന്ന, പ്രതിരോധശേഷിയുള്ളതും സുസ്ഥിരവുമായ ജീവിതശൈലിയുടെ വീക്ഷണമാണ് 'ലൈഫ്' അഥവാ 'പരിസ്ഥിതിക്കനുസൃതമായ ജീവിതശൈലി'. നിശ്ചിത കാലയളവു പൂർത്തിയാക്കുംമുമ്പുതന്നെ കാലാവസ്ഥാലക്ഷ്യം കൈവരിക്കുന്നതിൽ ഇന്ത്യ കൈവരിച്ച ശ്രദ്ധേയ നേട്ടങ്ങളെക്കുറിച്ചും ശ്രീ മോദി ഫോറത്തിൽ സംസാരിച്ചു. ലോകക്രമത്തിന്റെ മാറുന്ന യാഥാർത്ഥ്യങ്ങൾക്കനുസരിച്ച് താദാത്മ്യം പ്രാപിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു. മാറിക്കൊണ്ടിരിക്കുന്ന ലോകക്രമത്തിൽ ആഗോള കുടുംബം പുതിയ വെല്ലുവിളികളെ അഭിമുഖീകരിക്കുകയാണ്. എല്ലാ രാജ്യങ്ങളുടെയും ആഗോള സംഘടനകളുടെയും കൂട്ടായതും സമന്വയിപ്പിച്ചതുമായ പ്രവർത്തനങ്ങൾക്ക് അദ്ദേഹം ആഹ്വാനം ചെയ്തു. വിതരണ ശൃംഖലയിലെ തടസ്സങ്ങൾ, പണപ്പെരുപ്പം, കാലാവസ്ഥാ വ്യതിയാനം എന്നിവ പ്രധാന ഉദാഹരണങ്ങളായി അദ്ദേഹം ചൂണ്ടിക്കാട്ടി. അനുബന്ധ സാങ്കേതികവിദ്യകളും അവയുടെ വെല്ലുവിളികളും ഏതെങ്കിലും ഒരു രാജ്യത്തിന്റെ തീരുമാനങ്ങൾക്ക് വഴങ്ങുന്നില്ലെന്നു ക്രിപ്റ്റോകറൻസി ഉദാഹരിച്ച് അദ്ദേഹം പറഞ്ഞു. സംഘടനകൾ നിലവിൽ വന്ന കാലത്തിൽ നിന്നു ലോകക്രമം ഏറിയ മാറിയ സാഹചര്യത്തിൽ ഈ പുതിയ വെല്ലുവിളികൾ നേരിടാൻ ബഹുതല സംഘടനകൾക്കു കഴിയുമോ എന്നും അദ്ദേഹം ആരാഞ്ഞു. "അതുകൊണ്ട് ഓരോ ജനാധിപത്യ രാഷ്ട്രവും ബഹുതലസംഘടനകളെ നവീകരണത്തിനായി പ്രേരിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. അതിലൂടെ അവർക്കു വർത്തമാനത്തിന്റെയും ഭാവിയുടെയും വെല്ലുവിളികൾ കൈകാര്യം ചെയ്യുന്ന ദൗത്യം ഏറ്റെടുക്കാനാകും"- പ്രധാനമന്ത്രി ഉപസംഹരിച്ചു.

ന്യൂ ഡെൽഹി

ജനുവരി 17, 2021

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.